# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത</u> <u>10-7-2012-ൽ മറുപടിക്ക്</u>

<u>ചോദ്യം നമ്പർ 6243</u>

### <u>കാസർഗോഡ് പഞ്ചായത്ത് ഓഫീസിന് മുൻപിലെ പ്രതിമ</u>

<u>ചോദ്യം</u>

ശ്രീ. എൻ.എ. നെല്ലിക്കുന്ന്

<u>ഉത്തരം</u>

ഡോ. എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിന്റെ മുൻ ഭാഗത്ത് ഏതെങ്കിലും പ്രതിമ സ്ഥാപിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ; | (എ) പ്രതിമകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ബി) പ്രസ്തുത പ്രതിമ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി നൽകിയത് എന്ന് വ്യക്തമാക്കുമോ ; | (ബി) നമ്പർ 300/06/ഡിപിസി/ഡിപിഒ/കെഎസ്ഡി തീയതി 1-9-06 പ്രകാരമാണ് ജില്ലാ പ്ളാനിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചത്. |
| (സി) പ്രതിമ സ്ഥാപിക്കുന്ന നടപടി എപ്പോഴാണ് ആരംഭിച്ചതെന്നും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും എങ്കിൽ എന്ന് പൂർത്തിയായി എന്നും വിശദീകരിക്കുമോ ; | (സി) 2006 നവംബർ മാസത്തിൽ ആരംഭിച്ചു. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |
| (ഡി) പൂർത്തീകരിച്ചില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) ഫണ്ടിന്റെ അഭാവവും ശിൽപ്പി കാനായി കുഞ്ഞിരാമന്റെ ജോലിത്തിരക്കും കാരണമാണ് പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാവുന്നത്. |
| (ഇ) ഇതുവരെ പ്രതിമ നിർമ്മാണത്തിനായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഏതു ഫണ്ടിൽ നിന്നാണ് തുക നല്കിയത് എന്നും വ്യക്തമാക്കുമോ ? | (ഇ) യുവജന ക്ഷേമബോർഡിൽ നിന്നും ലഭിച്ച 2 ലക്ഷം രൂപ ഉൾപ്പെടെ 17,74,451 /-രൂപ ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ